**Kerala Kaumudi, Sep 23 2008**

# ടി. സി. എസ് ഐ. ടി. വിസ് ക്വിസ്

കൊച്ചി: പ്രമുഖ ഐടി കമ്പനിയായ ടാറ്റ കൺസൾട്ടൻസി സർവീസസിന്റെ (ടി സി എസ്) നേതൃത്വത്തിൽ സ്കൂൾ വിദ്യാർത്ഥികളുടെ വിവരസാങ്കേതികരംഗത്തെ അറിവ് പരീക്ഷിക്കുന്നതിനായി നടത്തുന്ന ടെക്നിക്കൽ ക്വിസ്-ടി. സി. എസ് വിസ് 2008 ഒക്ടോബർ നാലിന് കൊച്ചിയിൽ നടത്തും. വൈറ്റില ടോക് എച്ച് ഓഡിറ്റോറിയത്തിലാണ് മത്സരം. എട്ടുമുതൽ 12 വരെക്ളാസുകളിലെ കുട്ടികൾക്ക് പങ്കെടുക്കാം. ഫീസ് ഇല്ല.

ലാപ്ടോപ് ആണ് ഒന്നാം സമ്മാനം. ഫൈനലിൽ എത്തുന്ന ആറുപേർക്ക് സമ്മാനമുണ്ട്. ഓക്ടോബർ ഒന്നിനു മുൻപായി ടീമുകൾ സ്കൂളുകൾ വഴി രജിസ്റ്റർ ചെയ്യണം. ഫോൺ: 0484 6618044, 9895488509.